15997
17/10/16

**GOVERNMENT OF KERALA**
**Abstract**

Personnel & Administrative Reforms Department - Kerala Administrative Tribunal- purchase of two Toyota Corolla Altis petrol cars - Administrative Sanction accorded - Orders issued.

========================================

**PERSONNEL & ADMINISTRATIVE REFORMS (AR-12) DEPARTMENT**

G.O(Rt) No. **24** /2016/P&ARD. *Dated, Thiruvananthapuram, 5-10-2016*

========================================

*Read:-* Letter No. 1803/Fin/2016/KAT dated 21/7/2016..

ORDER

As per the letter read above, the Registrar, Kerala Administrative Tribunal has requested to provide fund for the purchase of two Toyota Corolla Altis Petrol cars, for the official use of two Judicial Members who have newly assumed the charge in Kerala Administrative Tribunal, for an amount of ₹ 34,00,000/- (Rupees Thirty four lakhs only) under the h/a "2014-116-99-21-1 purchase of vehicles-NP" .

Government have examined the matter in detail and are pleased to accord administrative sanction for the purchase of two Toyota Corolla Altis Petrol Cars amounting to Rs.34,00,000(Rupees Thirty four lakhs only) for the official use of two Judicial Members of Kerala Administrative Tribunal.

The expenditure in this account will be met from the Head of Account "2014-116-99-21-1- purchase of vehicles - NP"

(By Order of the Governor),

K. R.JYOTHILAL
Secretary to government

To

The Registrar ,Kerala Administrative Tribunal .Thiruvananthapuram.
The Principal Accountant General(Audit), Kerala, Thiruvanatnapuram.
The Accountant General(A&E), Kerala, Thiruvananthapuram.
The Finance (Exp B3)Department (vide EXP-B3/208/2016(Fin) e 279080 dated 28/09/2016)
The Advocate General, Kerala, Ernakulam.
GA(SC) Department
Stock File/Office Copy.
I & PRD (Web and New Media)

Forwarded/By Order,

Sreeji R

Section Officer.

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എആർ-12-2/31/2016/ഉ.ഭ.പ.വ. |
| 2 | വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.12) വകുപ്പ്. |
| 3 | വിഷയം | : | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ രണ്ട് ജുഡീഷ്യൽ അംഗങ്ങൾക്ക് ഔദ്യോഗിക ആവശ്യത്തിനായി 2 കാറുകൾ വാങ്ങുന്നതിന് അനുമതിയും പ്രസ്തുത ആവശ്യത്തിന് ഫണ്ടും അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04.10.2016. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല.<br>ബാധകമല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഗീത.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | | |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്.എം.വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.10.2016. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 04.10.2016. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | | 04.10.2016. |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും, തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പുതുതായി ചാർജെടുത്ത രണ്ട് ജുഡീഷ്യൽ അംഗങ്ങളുടെ ഔദ്യോഗിക ആവശ്യത്തിനായി 2 കാറുകൾ വാങ്ങുന്നതിന് അനുമതിയും പ്രസ്തുത ആവശ്യത്തിനുള്ള ഫണ്ട് അനുവദിക്കുന്നതും സംബന്ധിച്ചതാണ് ഈ കുറിപ്പ്.

(2) രണ്ട് ജുഡീഷ്യൽ അംഗങ്ങൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പുതിയതായി ചാർജ്ജ് എടുത്തിട്ടുണ്ടെന്നും അവരുടെ ഔദ്യോഗിക ആവശ്യത്തിനായി രണ്ട് ടൊയോട്ട കൊറോള ആൾട്ടിസ് പെട്രോൾ കാർ അനുവദിക്കണമെന്നും, ഹൈക്കോടതി ജഡ്ജിമാരുടെ സർവ്വീസ് റൂൾസിലെ റൂൾസ് 8(2) പ്രകാരം പ്രസ്തുത അംഗങ്ങൾക്കും ഹൈക്കോടതി ജഡ്ജിമാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അവകാശമുണ്ടെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(3) കൂടാതെ താഴെപറയുന്ന രണ്ട് ആവശ്യങ്ങൾ കൂടി ഉന്നയിച്ചിട്ടുണ്ട് .

(എ) കാർ വാടകയ്ക്കെടുക്കുന്നതിലേയ്ക്കായി " 2014-116-99-21-1 Purchase of Vehicles (NP)" എന്ന ശീർഷകത്തിൽ എട്ട് മാസത്തെ ആവശ്യത്തിന് 7,20,000/-രൂപ (ഏഴ ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) അനുവദിക്കുക.

(ബി) രണ്ട് കാർ വാങ്ങുന്നതിനായി "2014-116-99-21-1 Purchase of Vehicles (NP)" എന്ന ശീർഷകത്തിൽ 34,00,000/- രൂപ (മുപ്പത്തിനാലു ലക്ഷം രൂപ മാത്രം) അനുവദിക്കുക.

(4) പുതിയ കാറുകൾ വാങ്ങുന്നതുവരെ വാഹനം വാടകയ്ക്കെടുക്കുന്നതിന് പ്രതിമാസം 90,000/- രൂപ (തൊണ്ണൂറായിരം രൂപ മാത്രം) നിരക്കിൽ 2,70,000/- രൂപ (രണ്ട് ലക്ഷത്തിഎഴുപതിനായിരം രൂപ മാത്രം) ധനകാര്യ വകുപ്പ് 2014-116-99-NP" എന്ന ശീർഷകത്തിൽ അനുവദിച്ചുകൊണ്ട് 16.8.2016 ൽ സ.ഉ. (ആർ.റ്റി) 6738/2016/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(5) പുതിയ വാഹനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ഇപ്രകാരം അറിയിക്കുകയുണ്ടായി.

" Administrative Department is requested to furnish the proposal in the ensuing SDG after issuing revised AS by mentioning the h/a "2014-116-99-21-1 Purchase of Vehicles (NP)" for the purchase of 2 new Toyota Corolla Altis car amounting Rs.17,00,000/- (Rupees seventeen lakhs only) each for the official use of newly joined Judicial Members of Kerala Administrative Tribunal with the approval of Cabinet. This has the approval of Honb'le Minister (Finance)".

(6) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതുപോലെ രണ്ട് ടൊയോട്ട കൊറോള ആൾട്ടിസ് പെട്രോൾ കാറുകൾ ജുഡീഷ്യൽ അംഗങ്ങളുടെ ഔദ്യോഗിക ആവശ്യത്തിനായി വാങ്ങുന്നതിന് 34 ലക്ഷം രൂപ (മുപ്പത്തിനാല് ലക്ഷം രൂപ മാത്രം) "2014-116-99-21-1 Purchase of Vehicles (NP)" എന്ന ശീർഷകത്തിൽ അനുവദിക്കാമോ എന്ന ഉത്തരവിനായും പ്രസ്തുത വിഷയം ഉപധനാഭ്യർത്ഥനയ്ക്കുള്ള കുറിപ്പുകൾ സഹിതം ധനവകുപ്പിന് നൽകുന്നതിനുമായി ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനമെടുക്കേണ്ട വിഷയം**

1. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ രണ്ട് ജുഡീഷ്യൽ അംഗങ്ങളുടെ ഔദ്യോഗിക ആവശ്യത്തിലേക്കായി ധനവകുപ്പ് ശുപാർശ ചെയ്തത് പ്രകാരം രണ്ട് ടൊയോട്ട കൊറോള ആൾട്ടിസ് പെട്രോൾ കാറുകൾ വാങ്ങുന്നതിന് അനുമതി നൽകാമോ ;

2. അനുമതി നൽകുകയാണെങ്കിൽ പ്രസ്തുത വാഹനം വാങ്ങുന്നതിന് ചെലവാകുന്ന തുക 34,00,000/-(മുപ്പത്തി നാല് ലക്ഷം രൂപ മാത്രം) "2014-116-99-21-1 Purchase of Vehicles (NP)" എന്ന ശീർഷകത്തിൽ അനുവദിക്കാമോ ?

19

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 04-10-2016.

ഇനം നം: 353

ഫയൽ നം.എ.ആർ.12(2)/31/2016/ഉ.ഭ.പ.വ.

വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ രണ്ട് ജുഡീഷ്യൽ അംഗങ്ങൾക്ക് ഔദ്യോഗിക ആവശ്യത്തിനായി 2 കാറുകൾ വാങ്ങുന്നതിന് അനുമതിയും പ്രസ്തുത ആവശ്യത്തിന് ഫണ്ടും അനുവദിക്കുന്നത്.

36) തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.